പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3155 28.01.2014 -ൽ മറുപടിക്ക്

## കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ 2012 - 2013 സാമ്പത്തിക വർഷം ശുപാർശ ചെയ്തിട്ടുള്ള ആസ്തിവികസന ഫണ്ട് പദ്ധതികളിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്ന ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ ; | എ) കെട്ടിട വിഭാഗത്തിന് കീഴിൽ കൊയിലാണ്ടി നിയോജമണ്ഡലത്തിന്റെ കീഴിൽ 2012-13 സാമ്പത്തിക വർഷം ശുപാർശ ചെയ്തിട്ടുള്ള ആസ്തി വികസന ഫണ്ട് ചുവടെ ചേർക്കുന്നു.<br>1.ജി.വി.എച്ച്.എസ്.എസ്(ബോയ്സ്) കൊയിലാണ്ടിയിലെ പി.കെ.കൃഷ്ണൻ ബ്ലോക്കിന്റെ നിർമ്മാണം ഒരു പ്രാവശ്യം ടെണ്ടർ നടത്തിയെങ്കിലും പ്രതികരണം ഇല്ലാതിരുന്നതിനാൽ 22.01.2014 ൽ വീണ്ടും ടെണ്ടർ നടത്തി.<br>2.കൊയിലാണ്ടി കോടതി സമുച്ചയത്തിന്റെ 200-ാം വാർഷികത്തോട് അനുബന്ധമായി നിർമ്മിക്കുന്ന പുതിയ ബ്ലോക്കിന്റെ നിർമ്മാണം 28.10.13-ൽ ശ്രീ ബാലൻ എന്ന കരാറുകാരന് അവാർഡ് ചെയ്തു. എങ്കിലും കോടതിയുടെ പഴയകെട്ടിടം പൊളിച്ചു മാറ്റാത്തതിനാൽ സൈറ്റ് കൈമാറിയിട്ടില്ല.<br>3.ചേമഞ്ചേരിയിലെ സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറായി വരുന്നു.<br>4 ജി.വി.എച്ച്.എസ്.എസ് പയ്യോളി തിക്കോടി പഞ്ചായത്തിലെ കെട്ടിട നിർമ്മാണത്തിന് 140 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി 2013-14 സാമ്പത്തിക വർഷം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി ഏതെല്ലാം പ്രവർത്തനങ്ങൾക്കുള്ള ശുപാർശക- | ബി)<br>1.കൊയിലാണ്ടി ഗവ.മാപ്പിള വൊക്കേഷണൽ സ്കൂളിലെ പുതിയ കെട്ടിട നിർമ്മാണം 100 ലക്ഷം രൂപ.<br>2. കൊയിലാണ്ടി ഗവ.ഐ.ടി.ഐ യിൽ |

ളാണ് പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ്/ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ഓഫീസുകളിൽ ലഭ്യമായിട്ടുള്ളതെന്ന വിശദവിവരം ലഭ്യമാക്കുമോ ;

വർക്ക്ഷോപ്പ് കെട്ടിടം പണിയുന്നതിന് - 30 ലക്ഷം രൂപ.

3. കൊയിലാണ്ടി നഗരസഭ പരിധിയിൽ മുചുകുന്നു ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം - 25 ലക്ഷം രൂപ.

4. കൊയിലാണ്ടി നഗരസഭ പരിധിയിൽ പുളിയഞ്ചേരി PHC യ്ക്ക് പുതിയ കെട്ടിടം - 25 ലക്ഷം രൂപ.

5. ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് മ്യൂസിക്കൽ ഫൗണ്ടേൻ - 16 ലക്ഷം.

6. ഗവ.ഗേൾസ് ഹയർ സെക്കന്ററിക്ക് പുതിയ കെട്ടിടം- 100 ലക്ഷം രൂപ.

സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി എം.എൽ.എ നൽകിയ ശുപാർശ കത്തുകൾ ഏത് തീയതിയിലാണ് പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് എ.ഇഎക്സ് ഇ/എ.ഇ.എന്നിവരുടെ ഓഫീസിൽ ലഭിച്ചിട്ടുള്ളത് എന്നുള്ള വിവരം വ്യക്തമാക്കാമോ; പ്രസ്തുത ശുപാർശ കത്തുകൾ ലഭിച്ചിട്ട് ഇപ്പോൾ എത്ര കാലമായി എന്നും വ്യക്തമാക്കാമോ ;

സി)
എം.എൽ.എ യുടെ ശുപാർശ കത്ത് 02.01.2014 ൽ കൊയിലാണ്ടി എ.ഇ.ഇ.ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയിട്ടുണ്ട്.

ഡി) ലഭ്യമായതിൽ ഏതെല്ലാം പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി ലഭിച്ചതെന്ന് വ്യക്തമാക്കാമോ ;

ഡി)
ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള 6 പദ്ധതികളിൽ ഒരു വർക്ക് (ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് മ്യൂസിക്കൽ ഫൗണ്ടൻ) ഇലക്ട്രോണിക് വിഭാഗത്തിലേക്ക് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 5 പദ്ധതികളിൽ 3 എണ്ണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇ) ആസ്തി വികസന ഫണ്ട് പ്രവർത്തന നടപടികൾ സമയബന്ധിതമായി മുന്നോട്ട് പോകാത്തതിനാൽ എത്രതവണ ജില്ലാ വികസന സമിതിയിൽ എം.എൽ.എ. മാർ പ്രശ്നം ഉന്നയിച്ചുവെന്ന് വിശദമാക്കാമോ ;

ഇ)
കൊയിലാണ്ടി ബിൽഡിംഗ്സ് സബ് ഡിവിഷന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ കാര്യം രണ്ട് തവണ ജില്ലാ വികസന സമിതിയിൽ ഉന്നയിച്ചിട്ടുണ്ട്.

എഫ് ആസ്തി വികസന ഫണ്ട് പദ്ധതികളുടെ നടപടികൾ ഇഴഞ്ഞുനീങ്ങുന്നത് എന്തുകൊണ്ട് എന്നത് വിശദമാക്കാമോ ;

എഫ്)
ആസ്തി വികസന ഫണ്ട് പദ്ധതികൾ നടപടി ക്രമങ്ങൾ പൂർത്തിയാക്കി നടപ്പിലാക്കി വരുന്നു.

ജി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കും എന്നുള്ള വിവരം അറിയിക്കുമോ ;

ജി)
കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എച്ച് ഈ വിഷയം മന്ത്രിതലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു അവലോകനം നടത്തുന്നതിനും കാലതാമസം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

എച്ച്)
സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ